भारतीय गैर न्यायिक

एक सौ रुपये Rs. 100

रु. 100 ONE HUNDRED RUPEES

भारत INDIA

INDIA NON JUDICIAL

കേരളം केरल KERALA

DN 457655

കൊല്ലം 2022 നവംബർ 1ാംനു രണ്ടായിരത്തി ഇരുപത്തി രണ്ട് നവംബർ ഒന്നാം തിയ്യതി.കോഴിക്കോട് താലൂക്ക് കോട്ടൂളി വില്ലേജ് പറയഞ്ചേരി ദേശത്ത്("ഇത്താഷ് മഹൽ",ഉള്ളാട്ടിൽ പറമ്പ്,P.O.പുതിയറ,PIN-673004)താമസം കെ.പി.ബീരാൻ എന്നവരുടെ മകൻ ബിസിനസ്സ് 45വയസ്സ് കാക്കേരിപറമ്പിൽ റിയാസ് എന്നവർ ഒന്നാം പാർട്ടിയായും.

ഒന്നാംപാർട്ടി

രണ്ടാംപാർട്ടി

SHIDIN.A

No. 4054 Value 100
Date 1/11/22
Name
MEENCHANDA S.R.O. VENDOR
MOHAN KUMAR. E.P

ADDL. SUB TREASURY
29 OCT 2022
KOZHIKODE

भारतीय गैर न्यायिक

एक सौ रुपये    Rs. 100

रु. 100    ONE HUNDRED RUPEES

सत्यमेव जयते

भारत INDIA

INDIA NON JUDICIAL

കേരളം केरल KERALA

DN 457656



കോഴിക്കോട് താലൂക്ക് ഒളവണ്ണ വില്ലേജ് ഒളവണ്ണ ദേശത്ത് ("അലുവിങ്ങൽ ഹൗസ്",തൊണ്ടിലക്കടവ്,P.O.ഒളവണ്ണ,PIN-673019) താമസം ദിനേശൻ എന്നവരുടെ മകൻ 28വയസ്സ് ബിസിനസ്സ് ഷിദിൻ.എ. എന്നവർ രണ്ടാംപാർട്ടിയായുംകൂടി എഴുതിയ ലൈസൻസ് എഗ്രിമെന്റ്:

<u>ഒന്നാംപാർട്ടി</u>

<u>രണ്ടാംപാർട്ടി</u>

SHIDIN. A

ADDL. SUB TREASURY KOZHIKODE

No. 4055 Value 100/-
Date 1/11/22
Name ഷിദിൻ എ ഒളവണ്ണ
MEENCHANDA S.R.O. VENDOR
MOHAN KUMAR. E.P

നമ്മളിൽ ഒന്നാംപാർട്ടിക്ക് അവകാശ കൈവശമായ താഴെ പട്ടികയിൽവിവരിച്ച പീടികമുറി ഇന്നു മുതൽ **11(പതിനൊന്ന്) മാസ** ത്തേക്ക് രണ്ടാംപാർട്ടിക്ക് S&S Associatesഎന്ന പേരിൽ ഡിജിറ്റൽ സേവ സെന്റർ നടത്താൻ വേണ്ടി ഉപയോഗിക്കാൻ അനുവദിച്ച് തരേണം എന്ന് രണ്ടാംപാർട്ടി ഒന്നാം പാർട്ടിയോട് ആവശ്യപ്പെട്ടതിനെ ഒന്നാം പാർട്ടി പരിഗണിച്ച് ഒന്നാംപാർട്ടി താഴെ പറയുന്ന നിശ്ചയ നിബന്ധ നകൾക്ക് അനുസരിച്ച് ലൈസൻസി എന്ന നിലക്ക് ഉപയോഗിക്കു ന്നതിന്ന് വേണ്ടി രണ്ടാംപാർട്ടിക്ക് പട്ടികയിലെ പീടികമുറി ലൈസൻസിന്നു ഏൽ പ്പിച്ച് കൊടുക്കുകയും രണ്ടാം പാർട്ടി ഒന്നാം പാർട്ടിയോട് ലൈസൻ സിന്ന് ഏറ്റുവാങ്ങുകയും ചെയ്തിരിക്കു ന്നു.

ഇത് വെറുംഒരു സിംപിൾ ലൈസൻസവകാശംമാത്രമാണ്. ലൈ സൻസ് കപ്പിൾഡ്വിത്ത്ഇൻട്രസ്റ്റോകൂടിയായ്മയോ അല്ല യാതൊ രു തരത്തിലുള്ള കൂടിയായ്മയും രണ്ടാംപാർട്ടിക്കുണ്ടായിരിക്കുന്ന തല്ലെന്നും ഖണ്ഡിതമായി നിശ്ചയിക്കുകയും സമ്മതിക്കുകയും ചെയ്തിരിക്കുന്നു.

പട്ടികയിലെ പീടികുറിഎല്ലായ്പ്പോഴും ഒന്നാംപാർട്ടിയുടെ കയ് വശ ത്തിൽ തന്നെയായിരിക്കുന്നതും രണ്ടാംപാർട്ടിക്ക് പീടികുറി ഉപയോഗിക്കുവാനുള്ള ലൈസൻസവകാശം മാത്രമേ ഉണ്ടായിരിക്കു കയുള്ളു.

ഇന്നെ തിയ്യതിക്ക് രണ്ടാംപാർട്ടി ഒന്നാംപാർട്ടിക്ക് സെക്യൂരിറ്റി ഡിപ്പോസിറ്റായി **50,000ക(അൻപതിനായിരം ഉറുപ്പിക)** യാതൊരു പലിശയുംകൂടാതെ കൊടുക്കുകയും ആയത് ഒന്നാംപാർട്ടിക്ക് രണ്ടാംപാർട്ടിയിൽനിന്ന് കിട്ടി ബോദ്ധ്യപ്പെടുകയും ചെയ്തിരിക്കു ന്നു.

ലൈസൻസ് ഫീസായി പ്രതിമാസം **4,500ക(നാലായിരത്തി അഞ്ഞൂറ് ഉറുപ്പിക)**പ്രകാരം എല്ലാ ഇംഗ്ലീഷ് മാസവും 1ാംനു തോ റും രണ്ടാംപാർട്ടി ഒന്നാംപാർട്ടിക്ക് കൊടുത്ത് രശീതി വാങ്ങേണ്ട തുമാകുന്നു.

മേൽ പ്രകാരംനിശ്ചയിച്ച മാസാന്തമുള്ള ലൈസൻസ് ഫീക്ക് പുറമെ പട്ടികയിലെപീടികമുറിയിൽ വെച്ച് രണ്ടാംപാർട്ടി ഉപയോ ഗപ്പെടുത്തുന്ന ഇലക്ട്രിക്ക് കറന്റ് ചാർജ്ജ് രണ്ടാംപാർട്ടി തന്നെ

ഒന്നാംപാർട്ടി

രണ്ടാംപാർട്ടി

SHIDIN

ഒന്നാംപാർട്ടിയുടെ പേരിൽതീർത്തടച്ചു വരേണ്ടതും,ആയത് ഇതി ലെ ഒരു ഭാഗമായികണക്കാക്കേണ്ടതാണെന്നും നിശ്ചയിച്ചിരിക്കു ന്നു.

തുടർച്ചയായി ലൈസൻസ് ഫീ രണ്ട് ഗഡുക്കളുടേത് അടക്കാൻ രണ്ടാംപാർട്ടി വീഴ്ച വരുത്തിയാൽ ഈലൈസൻസ് റദ്ദാക്കുന്നതും രണ്ടാംപാർട്ടിയുടെ പട്ടികയിലെ പീടികമുറിയിലേക്കുള്ള പ്രവേശനം നിഷേധിക്കുവാൻ ഒന്നാംപാർട്ടിക്ക് അധികാരവകാശമുള്ളതു മാകുന്നു.

ഈ ലൈസൻസവകാശം കൈമാറുവാനോ അന്യാധീനപ്പെ ടുത്തുവാനോപാടുള്ളതല്ല അങ്ങനെ വല്ലതും ചെയ്താൽ ഈ ലൈ സൻസ് റദ്ദാവുന്നതും രണ്ടാംപാർട്ടിയുടെയും കൈമാറിവാങ്ങുന്ന ആളുടെയും പ്രവേശനം നിഷേധിക്കപ്പെടുന്നതുമാകുന്നു.

11മാസം കഴിയുന്നതോട്കൂടി ലൈസൻസിന്റെ അവധി അവ സാനിക്കുന്നതാണ്. ഒന്നാംപാർട്ടിക്ക്സമ്മതമാണങ്കിൽ മാത്രം പി ന്നീട് വരുന്ന11മാസംകാലാവധിക്കും നിലവിലുള്ള ലൈസൻസ് ഫീ യുടെ 5%(അഞ്ച് ശതമാനം) വർദ്ധനവോട് കൂടി ഒന്നാംപാർട്ടി രണ്ടാംപാർട്ടിക്ക് ലൈസൻസിന്ന് ഏൽപ്പിച്ച് കൊടുക്കാമെന്ന് നിശ്ച യിച്ചിരിക്കുന്നു.

പട്ടികയിലെ പീടികമുറി രണ്ടാംപാർട്ടി ഉപയോഗിച്ച് വരുന്നത ല്ലാതെ മറ്റാർക്കുംതന്നെ കൈമാറുവാനോഅന്യാധീനപ്പെടുത്തു വാനോ ഭേദഗതികളോ റിപ്പയേറുകളോ വരുത്തുവാനോപാടില്ലാ ത്തതും വേണ്ടി വരുന്ന റിപ്പേയറുകളെല്ലാം ഒന്നാംപാർട്ടി ചെയ്യിച്ചു തരുന്നതല്ലാതെ ആവക ചെയ്യുവാൻ രണ്ടാംപാർട്ടിക്ക് അധികാര മില്ലാത്ത താണെന്നും,ക്ഷാര വസ്തുക്കളോ സ്ഫോടക വസ്തു ക്കളോ ലഹരി പദാർത്ഥങ്ങളോ സർക്കാർനിരോധിത വസ്തുക്കളോ സൂക്ഷിക്കുവാനോ ഉപയോഗിക്കുവാനോ വിൽപ്പന നടത്തുവാനോ പാടില്ലാത്തതാണെന്നും നിശ്ചയിച്ചിരിക്കുന്നു.

ലൈസൻസ് അവസാനിക്കുക്കയോ അവസാനിപ്പിക്കുകയോ ചെയ്തതിന്ന് ശേഷം പട്ടികയിലെ പീടികമുറിയിലേക്ക് രണ്ടാംപാർട്ടിക്ക് പ്രവേശിക്കുവാൻഅധികാരമില്ലത്തതും അതിനെ ബലമായി തടയുവാൻ ഒന്നാംപാർട്ടിക്ക് അധികാരവകാശമുള്ളതുമാകുന്നു.

ഒന്നാംപാർട്ടി

രണ്ടാംപാർട്ടി

ലൈസൻസ് അവസാനിക്കുന്നതോട് കൂടിലൈസൻസ് ഫീ ബാക്കിയില്ലെങ്കിൽ ഡിപ്പോസിറ്റ് സംഖ്യ യാതൊരു പലിശയും കൂടാതെ ഒന്നാംപാർട്ടി രണ്ടാംപാർട്ടിക്ക് മടക്കി കൊടുക്കേണ്ടതാണെന്നും നിശ്ചയിച്ചിരിക്കുന്നു.

മേൽനിശ്ചയങ്ങളോട് കൂടിപട്ടികയിലെ പീടികമുറി ഉപയോഗിക്കുവാനുള്ള ലൈസൻസ് അവകാശം ഒന്നാംപാർട്ടിയോട് രണ്ടാം പാർട്ടിക്ക് സിദ്ധിച്ചിരിക്കുന്നു.

മേൽ നിശ്ചയങ്ങൾക്ക് വിപരീതമായിരണ്ടാംപാർട്ടി വല്ലതും പ്രവർത്തിക്കുകയാണെങ്കിൽ കാലാവധിക്ക് മുമ്പു തന്നെ ലൈസൻസ് അവസാനിപ്പിക്കുവാൻ ഒന്നാംപാർട്ടിക്ക് അധികാരവകാശമുള്ളതുമാകുന്നു.

മേൽനിശ്ചയങ്ങൾ അടങ്ങുന്ന എഗ്രിമെന്റിന്റെ അസ്സൽ ഒന്നാം പാർട്ടിയും ഫോട്ടോസ്റ്റാറ്റ് കോപ്പി രണ്ടാംപാർട്ടിയും സൂക്ഷിപ്പാനും നിശ്ചയിച്ചും സമ്മതിച്ചും താഴെ പേരെഴുതി ഒപ്പിടുന്ന സാക്ഷികൾ മുമ്പാകെ നമ്മൾ ഇതിൽഒപ്പിട്ടിരിക്കുന്നു.

## പട്ടിക

കോഴിക്കോട് താലൂക്ക് ചെറുവണ്ണൂർ വില്ലേജ് ചെറുവണ്ണൂർ ദേശത്ത് റീസർവ്വെ 5/1ൽ പെട്ട ഞെളിയൻകുന്നാകുന്ന പറമ്പിൽ കോഴിക്കോട് കോർപ്പറേഷനിൽ സ്ഥിതി ചെയ്യുന്ന കെട്ടിടത്തിലെ **43/566** ാംനമ്പ്രായ പീടികമുറി

ഒന്നാംപാർട്ടി

രണ്ടാംപാർട്ടി

സാക്ഷികൾ

1

2